വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത മേഖലയിൽ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ധാതു മണൽ ഖനനത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകൾ സംസ്ഥാന സർക്കാരിന്റെ ശുപാർശയോടുകൂടി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഇല്ല. എന്നാൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര പരിസ്ഥിതി വകുപ്പ്, കേന്ദ്ര ആണവോർജ്ജ വകുപ്പ് ഇവയുടെ പരിശോധനയ്ക്കും കേന്ദ്ര ഖനന വകുപ്പിന്റെ അനുമതിക്കും വിധേയമായി മാത്രമേ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

സഹകരണ ബാങ്കുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന തുക

*18 [108] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. സുജനപാൽ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ എന്തു തുക ഉപയോഗിക്കാതെ കിടപ്പുണ്ട്; ഇത്രയും തുക കെട്ടിക്കിടക്കാനുള്ള കാരണം എന്ത്;

(ബി) സഹകരണ ബാങ്കുകളിൽനിന്ന് വൻ തുകകൾ വായ്പയെടുക്കുന്നതിന് കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്, ഹൗസിംഗ് ഫെഡറേഷൻ മുതലായ സ്ഥാപനങ്ങൾ സർക്കാരിനെയോ സഹകരണ ബാങ്കുകളെയോ സമീപിച്ചിരുന്നുവോ; എങ്കിൽ അവർക്ക് വായ്പ നൽകിയിരുന്നുവോ; ഇല്ലെങ്കിൽ വായ്പ നൽകാതിരുന്നത് എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 556.10 കോടി രൂപ വർദ്ധിച്ച നിക്ഷേപം, നിക്ഷേപത്തിനനുസൃതമായി വായ്പകൾ നൽകുന്നതിനുള്ള ഉചിതമായ വായ്പാ അപേക്ഷകളുടെ അഭാവം, വയബിൾ പ്രോജക്റ്റുകളുടെ അഭാവത്തിൽ കൂടുതൽ വായ്പ നൽകാൻ കഴിയാത്ത സാഹചര്യം, നിയന്ത്രിതമായ പ്രവർത്തന പരിധി, പുതിയ തലമുറയിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾ നൽകുന്നതുപോലെയുള്ള ലഘൂകരിക്കപ്പെട്ട വായ്പാ നടപടികളുടെ അഭാവം, നിലവിലുള്ള ബാങ്കിംഗ് സാദ്ധ്യതകൾ മുതലെടുത്ത് അധിക ധനം ലാഭകരമായി വിനിയോഗിക്കുവാൻ നിയമപരവും സാങ്കേതികമായും നിലനിൽക്കുന്ന തടസ്സങ്ങൾ തുടങ്ങിയവയാണ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ തുക കെട്ടിക്കിടക്കാനുള്ള കാരണങ്ങൾ.

(ബി) ഇല്ല.

കരിമണൽ ഖനന പദ്ധതി

*19 [109] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും പദ്ധതിയോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനവും അഭിപ്രായവും എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം പരിഗണിച്ച് ഈ പദ്ധതിയിൽ നിന്നും പിൻതിരിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ പദ്ധതി എന്തെല്ലാം ഭേദഗതികളോടെ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കരിമണൽ ഖനനത്തിനായി സംസ്ഥാന സർക്കാർ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കരിമണൽ ഖനനത്തിനായി സർക്കാർ നയരൂപീകരണം നടത്തിയിട്ടുണ്ട്.

(ബി, സി ആന്റ് ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly